(സി)&(ഡി) ബണ്ടു റോഡുകൾ മാത്രമാണ് ജലസേചനവകുപ്പ് ഇവിടെ ചെയ്തുവരുന്നത് ഇവയ്ക്ക് പ്രളയജലം കടന്നുപോകത്തക്ക വിധത്തിൽ കലുങ്കുകളും പാലങ്ങളും നിർമ്മിച്ചുവരുന്നു.

ചാലക്കുടി മണ്ഡലത്തിലെ വിവിധ പദ്ധതികൾ

38 (3437)പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി അസംബ്ലി നിയോജകമണ്ഡലത്തിൽപ്പെട്ട കാടുകുറ്റി, കൊരട്ടി, മേലൂർ, പരിയാരം, കോടശ്ശേരി എന്നീ പഞ്ചായത്തുകളിലും ചാലക്കുടി മുനിസിപ്പാലിറ്റിയിലും അപൂർണ്ണമായി കിടക്കുന്ന ജലസേചന പദ്ധതികളുടെയും കുടിവെള്ള പദ്ധതികളുടെയും വിശദമായ ഒരു റിപ്പോർട്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പൊയ്കടം, കഴൂർ, വടക്കുംമുറി, പിലാർമൂഴി, താനിപ്പാറ, മാലിക്കുളം എന്നീ പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ; ഇവ എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാനാവും എന്ന് വിശദീകരിക്കുമോ;

(സി) ചാലക്കുടി പ്രദേശത്തെ പ്രസ്തുത പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികളെക്കുറിച്ച് വിശദമായി ചർച്ചചെയ്തു തീരുമാനങ്ങൾ എടുക്കാൻ സംസ്ഥാനതല ഉദ്യോഗസ്ഥന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് സ്ഥലം എം. എൽ.എ.യുടെ സാന്നിദ്ധ്യത്തിൽ ഒരു സമ്മേളനം വിളിച്ചു കൂട്ടുമോ?

ഉത്തരം

(എ) ചെറുകിട ജലസേചന പദ്ധതികളുടെ വിവരം

1. കുളയിടം എൽ.ഐ.സ്കീം-കാടുകുറ്റി പഞ്ചായത്ത്

ചാലക്കുടി പുഴയിൽനിന്നും വെള്ളം പമ്പ് ചെയ്തു പ്രസ്തുത സ്കീം പ്രവർത്തിപ്പിക്കണമെന്ന നാട്ടുകാരുടെ ആവശ്യം പരിഗണിച്ച് പദ്ധതി പുനർവിഭാവനം ചെയ്യുന്നതിനായി വച്ചിരിക്കുകയാണ്.

2. കുട്ടപ്പുറം എൽ.ഐ.സ്കീം-കൊരട്ടി പഞ്ചായത്ത് ഈ സ്കീമിന്റെ സിവിൽ പണികളായ പമ്പ് ഹൗസ്, സിസ്റ്റേൺ, 315 എം.എം., പി.വി.സി. പൈപ്പ് സ്ഥാപിക്കൽ ഇവ പൂർത്തീകരിച്ചിട്ടുണ്ട്.

3. വണ്ടിമൂസ് എൻ.ഐ. സ്കീം (മേലൂർ പഞ്ചായത്ത്) ഈ സ്കീമിന്റെ പമ്പ് ഹൗസ് നിർമ്മാർജ്ജനം പൂർത്തികരിച്ചിട്ടുണ്ട്. 70 എച്ച്.പി. യുടെ പമ്പ് ലഭ്യമാക്കിയിട്ടുണ്ട്. ഇലക്ട്രിഫിക്കേഷൻ പണികൾ ഏർപ്പാടാക്കിയിട്ടുണ്ട്.

4. കൊമ്പൻപാറ എൽ.ഐ.സ്കീം (പരിയാരം പഞ്ചായത്ത്) പൈപ്പുകൾ സ്ഥാപിക്കൽ ഒഴിച്ചുള്ള സിവിൽ പണികൾ പൂർത്തിയാക്കിയിട്ടുണ്ട്.

5. പിലാർമൂഴി എൽ.ഐ.സ്കീം (കൊട്ടശ്ശേരി പഞ്ചായത്ത്)

ഈ സ്കീമിന്റെ റി കാസ്റ്റ് എസ്റ്റിമേറ്റ് എക്സി. എഞ്ചിനീയർ ഓഫീസിലും വൈദ്യുതീകരണത്തിനുള്ള എസ്റ്റിമേറ്റ് ഇലക്ട്രിക്കൽ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിലും പമ്പ്, മോട്ടോർ എന്നിവയുടെ രൂപകൽപ്പന മെക്കാനിക്കൽ ചീഫ് എഞ്ചിനീയറുടെ ഓഫീസിലും സൂക്ഷ്മ പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

6. കല്ലൂർ വടക്കം മുറി എൽ.ഐ. സ്കീം (കാടുകുറ്റി പഞ്ചായത്ത്) സിവിൽ പണികളായ പമ്പ് ഹൗസ് നിർമ്മാണം, 200 എം.എം.പി.വി.സി. പൈപ്പു സ്ഥാപിക്കൽ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

7. മാളക്കാരൻകടവ് എൽ.ഐ. സ്കീം (ചാലക്കുടി മുനിസിപ്പാലിറ്റി)

ഈ സ്കീമിനുവേണ്ടി 54 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റ് ഡിവിഷൻ ആഫീസിൽ സൂക്ഷ്മ പരിശോധനയിലാണ്.

8. കുട്ടപ്പുഴ ചെക്ക് ഡാം-ക്ലാസ്-1 (ചാലക്കുടി മുനിസിപ്പാലിറ്റി) പ്രസ്തുത പണി പുരോഗമിച്ചുവരുമ്പോൾ കരാറുകാരൻ ബഹു. ഹൈക്കോടതിയിൽ ഒരു അന്യായം ഫയൽ ചെയ്തു. പ്രസ്തുത ആവശ്യത്തിൻമേൽ ഹൈക്കോടിതിയുടെ നിർദ്ദേശങ്ങൾക്ക് വിധേയമായി മാത്രമേ പണികൾ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ.

ജലവിതരണ പദ്ധതികൾ

ചാലക്കുടി ശുദ്ധജലവിപുലീകരണ പദ്ധതിയുടെ പണി 1995-ൽ ആരംഭിച്ചെങ്കിലും ജലസംഭരണിയുടെ പണി കരാറുകാരൻ പൂർത്തിയാക്കിയില്ല. ഈ പ്രവൃത്തി പ്രസ്തുത കരാറുകാരന്റെ 'റിങ്ക് ആന്റ് കോസ്റ്റിൽ' അറേഞ്ച് ചെയ്തിട്ടുണ്ട്. 34 കി.മീറ്റർ വിതരണക്കുഴലുകൾ സ്ഥാപിച്ചു കഴിഞ്ഞു. 20 കി.മീ വിതരണക്കുഴലുകളുടെ പണി പുരോഗതിയിലാണു. 52 കി.മീ. പൈപ്പുകളുടെ പണി ഉടനെ ആരംഭിക്കുന്നതാണ്. 12/2001-ൽ പദ്ധതി പൂർണ്ണമായി കമ്മീഷൻ ചെയ്യാവുന്നതാണ്.

കണ്ണൂർ-വടക്കുമുറി ശുദ്ധജല വിതരണ പദ്ധതിയുടെ ശുദ്ധീകരണ ശാല ഒഴിച്ചുള്ള പണികൾ 1995-ൽ പൂർത്തീകരിച്ച് പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തു 6/2001-ൽ കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.

കാടുകുറ്റി വാർഡ് പദ്ധതി 3/2000-ൽ കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു. കൊരട്ടി സെൻസസ് ടൗൺ ശുദ്ധജലവിതരണ പദ്ധതിക്കുവേണ്ടി ഉറവിടത്തിന്റെയും ശുദ്ധീകരണശാലയുടെയും ജലസംഭരണിയുടെയും സ്ഥലം ലഭിച്ചിട്ടുണ്ട്. സോയിൽ ഇൻവെസ്റ്റിഗേഷൻ നടന്നുകൊണ്ടിരിക്കുന്നു. ഈ പദ്ധതി 12/2001-ൽ കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.

മേലൂർ ശുദ്ധജലവിതരണ പദ്ധതി ഉടനെ ആരംഭിക്കും കൊട്ടശ്ശേരി പരിയാരം പദ്ധതിയുടെ സർവ്വേ പൂർത്തീകരിച്ചു.

(ബി) **പൊങ്കുളം എൽ.ഐ. സ്കീം**

ഈ പദ്ധതിയുടെ പണികൾ പൂർത്തീകരിച്ചവയാണ്. എന്നാൽ പൈപ്പു ലൈനിൽ ചില ചോർച്ചകൾ കണ്ടതിനാൽ അവ സൂക്ഷ്മ പരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്.

2. **കല്ലൂർ വടക്കുമുറി എൽ.ഐ. സ്കീം**

ഈ സ്കീമിന്റെ പണികൾ പുരോഗതിയിലാണ്. വൈദ്യുതികണക്ഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. **പിലാർമുഴി എൽ.ഐ.സ്കീം**

ഈ സ്കീം സംബന്ധിച്ച വിവിധ എസ്റ്റിമേറ്റുകൾ സൂക്ഷ്മ പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

4. ബാലിക്കുളം പദ്ധതി

ഈ പദ്ധതി കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതിയിൽ പൂർത്തീകരിച്ച് ഗുണഭോക്താക്കളെ ഏൽപ്പിച്ചിട്ടുണ്ട്.

കല്ലൂർ വടക്കുമുറി ശുദ്ധജല വിതരണ പദ്ധതിയുടെ ശുദ്ധീകരണ ശാല ഒഴികെയുള്ള പണികൾ 1995-ൽ ഭാഗീകമായി കമ്മീഷൻ ചെയ്തു. ശുദ്ധീകരണശാലയുടെ പണികൾക്ക് ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. 6/2001-ൽ കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

എം.വി.ഐ.പി.യെ സംബന്ധിച്ച ചർച്ച

39 (3438)ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.വി.ഐ.പി. പ്രോജക്ടിനെ സംബന്ധിച്ച് 9.8.94-ൽ എന്തെങ്കിലും ചർച്ചകൾ തിരുവനന്തപുരത്ത് നടന്നിരുന്നോ;

(ബി) പ്രസ്തുത ചർച്ചയിൽ എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത്;

(സി) ചർച്ചയിൽ പങ്കെടുത്തവർ ആരെല്ലാം;

(ഡി) ചർച്ചകളുടെ നടപടിക്കുറിപ്പിന്റെ പകർപ്പു ലഭ്യമാക്കുമോ;

(ഇ) 1991 മുതൽ 1996 വരെയുള്ള കാലയളവിൽ എം.വി.ഐ.പി.യെ സംബന്ധിച്ച് എത്ര റിവ്യൂ മീറ്റിംഗുകൾ മന്ത്രിതലത്തിൽ നടന്നിട്ടുണ്ട്;

(എഫ്) ഈ ചർച്ചകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം പ്രധാനപ്പെട്ട തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത്?

ഉത്തരം

(എ) നടന്നിരുന്നു.

(ബി) താഴെപ്പറയുന്ന തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത്.

1. ഭൂമി ഏറ്റെടുക്കൽ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് കോട്ടയം എറണാകുളം ജില്ലകളിൽ കഴിവുള്ളതും കാര്യക്ഷമതയുള്ളതുമായ വക്കീലന്മാരെ നിയമിക്കുവാൻ തീരുമാനിച്ചു.

2. 20 ലക്ഷം രൂപവരെയുള്ള സ്ട്രക്ചറുകളുടെ രൂപ കൽപ്പന ചീഫ് എഞ്ചിനീയറുടെ അറിവോടുകൂടി സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് അഗീകരിക്കാവുന്നതാണ്.

3. ടെണ്ടറുകളിന്മേൽ എഗ്രിമെന്റ് വയ്ക്കുന്നത് സ്ഥലം ലഭിച്ചതിനുശേഷമായിരിക്കണം.

4. ഡിപ്പാർട്ടുമെന്റ് മെറ്റീരിയൽസ് നൽകുന്നതിൽ ഉണ്ടാകുന്ന കാലതാമസമാണ് പണികൾ സമയബന്ധിതമായി തീർക്കാതിരിക്കുവാനുള്ള പ്രധാന കാരണം. ഈ കാലതാമസം ഒഴിവാക്കുവാനായി സിമന്റ്, കമ്പി മുതലായവ കരാറുകാർ തന്നെ തരപ്പെടുത്തുവാനും അതിനുവേണ്ട വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തുവാനും തീരുമാനിച്ചു.

5. ഉപശാഖ ചാനലുകൾ കോൺക്രീറ്റ് ചെയ്യുവാൻ തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly